# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.992 30.11.2018 ലെ മറുപടി

### മങ്കടയിലെ മോറിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി.

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ:

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മങ്കടയിലെ മോറിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകി ഏറെയായിട്ടും തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വീഴ്ച സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

(എ) യും (ബി) യും (സി) യും

മങ്കടയിലെ മോദിക്കയത്ത് ആർ.സി.ബി നിർമ്മിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ട് 9-5-2018 ൽ കിഫ്ബിയിൽ സമർപ്പിക്കുകയും 8-6-2018ൽ കിഫ്ബിയിൽ നിന്നും സാങ്കേതിക മൂല്യനിർണയ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. കിഫ്ബിയുടെ സാങ്കേതിക മൂല്യനിർണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി വരുന്നു. പദ്ധതിക്ക് 27-9-2017ൽ ഭരണാനുമതി നല്കുകയുണ്ടായി അതിന്റെ പര്യവേഷണ പ്രവർത്തനങ്ങൾ, ഡിസൈൻ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) എന്നിവ പൂർത്തീകരിച്ച് റിപ്പോർട്ട് 9-5-2018ൽ കിഫ്ബിയിൽ സമർപ്പിച്ചു. ഇതിനായി കിഫ്ബിയുടെ സാങ്കേതിക വിഭാഗവും, കെ.ഐ.ഐ.ഡി.സി.യും, ജലസേചന വകുപ്പും സംയുക്തമായി 23-11-2018ൽ സൈറ്റ് സന്ദർശിക്കുകയുണ്ടായി. ഇനി സാങ്കേതിക മൂല്യനിർണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികളിലേക്ക് കടക്കുന്നതാണ്.

സെക്ഷൻ ഓഫീസർ